(ബി) 1. കൊച്ചി സിറ്റിയിൽ കാക്കനാട് കൗൺസിലിംഗ് സെന്ററിന് സമീപം ലാത്തിച്ചാർജ്ജ് നടന്നിട്ടുണ്ട്.

2. കോഴിക്കോട് സിറ്റിയിൽ ഐ. എം. ജി.-ക്ക് മുന്നിൽ ലാത്തിച്ചാർജ്ജ് നടന്നിട്ടുണ്ട്.

3. ഡി. വൈ. എഫ്. ഐ. നടത്തിയ അസംബ്ലി മാർച്ചിനോടനുബന്ധിച്ച് ലാത്തിച്ചാർജ്ജ് നടത്തിയിട്ടുണ്ട്.

(സി) ആറ് വിദ്യാർത്ഥികൾക്ക് പരിക്ക് പറ്റി. (വിദ്യാർത്ഥി-2, വിദ്യാർത്ഥിനി-4)

(ഡി) 35 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഡ്യൻ ശിക്ഷാ നിയമത്തിലെയും, പി. ഡി. പി. പി. ആക്ടിലെയും, എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ടിലെയും കേരളാ പോലീസ് ആക്ടിലെയും വിവിധ വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

വിദ്യാർത്ഥികൾക്ക് നേരെയുള്ള പോലീസ് അതിക്രമങ്ങൾ

121 [1677] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*
ഡോ. തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്ജ്:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗൺസിലിംഗ് കേന്ദ്രങ്ങളിലേക്ക് മാർച്ച് നടത്തിയ വിദ്യാർത്ഥികൾക്ക് നേരെ നടത്തുന്ന ലാത്തിച്ചാർജ്ജുകളെയും ഗ്രനേഡ്, ടിയർ ഗ്യാസ് പ്രയോഗത്തെയും സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എസ്. എഫ്. ഐ. വിദ്യാർത്ഥികൾ നടത്തിയ മാർച്ചിനുനേരെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ലാത്തിച്ചാർജ്ജും ടിയർ ഗ്യാസും, ഗ്രനേഡും പ്രയോഗിച്ചതെന്ന് പറയാമോ;

(സി) ഇതിന്റെ ഫലമായി എത്ര വിദ്യാർത്ഥികൾക്ക് പരിക്കു പറ്റി, എത്ര പേരെ വിവിധ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ട്;

(ഡി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. തിരുവനന്തപുരം സിറ്റിയിൽ ചാവടിമുക്ക്, മൺവിള എന്നീ സ്ഥലങ്ങളിൽ ടിയർ സ്മോക്ക് ഗ്രനേഡ് ഉപയോഗിച്ചിട്ടുണ്ട്.

2. കൊച്ചി സിറ്റി—എസ്. എഫ്. ഐ. നടത്തിയ മാർച്ചിനു നേരെ കാക്കനാട് കൗൺസിലിംഗ് സെന്ററിൽ ലാത്തിച്ചാർജ്ജും ടിയർ ഗ്യാസ് ഗ്രനേഡും ഉപയോഗിച്ചിട്ടുണ്ട്.

3. കോഴിക്കോട് മെഡിക്കൽ കോളേജ് ഐ. എം. ജി.-ക്ക് മുന്നിൽ ലാത്തിച്ചാർജ്ജും ടിയർ ഗ്യാസ് ഗ്രനേഡും ഉപയോഗിച്ചിട്ടുണ്ട്.

(സി) 12 വിദ്യാർത്ഥികൾക്ക് പരിക്കു പറ്റി. 4 വിദ്യാർത്ഥികളെ വിവിധ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ട്.

(ഡി) രജിസ്റ്റർ ചെയ്ത കേസ്സുകളെ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനു സ്ഥിരം കെട്ടിടം

122 [1678] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെയായി എത്ര പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണമാണ് തുടങ്ങിയത്; അവയിൽ എത്രയെണ്ണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു; വ്യക്തമാക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിലവിലുണ്ടോ; ഇല്ലെങ്കിൽ സ്വന്തം കെട്ടിടം നിർമ്മിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന്റെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരം 100 പോലീസ് സ്റ്റേഷനുകളുടെയും മോഡേണൈസേഷൻ സ്കീം പ്രകാരം 8 പോലീസ് സ്റ്റേഷനുകളുടേയും കെട്ടിടനിർമ്മാണത്തിന് നടപടി സ്വീകരിക്കുകയും ഇതിൽ 42 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രീകൃഷ്ണപുരം സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ല. കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/542/2012.—21

LIBRARY ARCHIVES Kerala Legislative Assembly